# നിർഝരി



നിർഝരി

# ജി. വി. എച്ച്. എസ്. എസ്. അമ്പലത്തറ



# ലിറ്റിൽ കൈറ്റ്സ്

## മാഗസിൻ

## 2023-2024

little KITEs
GVHSS AMBALATHARA

# മാഗസിൻ എഡിറ്റോറിയൽ അംഗങ്ങൾ

ചീഫ് എഡിറ്റർ: ശ്രീനന്ദ. പി 9B

സബ് എഡിറ്റർ : അഭിനവ് ഭാസ്ക്കർ 9A

കമ്മിറ്റി അംഗങ്ങൾ

| | |
|---|---|
| അഭിനന്ദ്. പി | 9 A |
| ആവണി പി സുന്ദർ | 9 C |
| ദേവിക എം | 9 A |
| ശിവനന്ദ. ടി | 9 A |

ലിറ്റിൽ കൈറ്റ്സ് അധ്യാപകർ

റീന. വി. വി

ധന്യ. എം. വി



# സന്ദേശം

അക്ഷരത്തിളക്കത്തിൻ പൊൻപ്രഭയിൽ സമസ്തമേഖലയിലും കയ്യൊപ്പ് ചാർത്തി, ജില്ലാ ,സംസ്ഥാന അവാർഡുകൾ കരസ്ഥമാക്കി ഒരു നാടിന്റെ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷം. വിജ്ഞാനദാഹികളും, പ്രതിഭാധനരുമായ നമ്മുടെ കുട്ടികൾ നേടിയെടുത്ത മികവുകൾ പുറംലോകം അറിയുന്നതിന് സഹായകമാകുന്ന ഈ ഡിജിറ്റൽ മാഗസിന് സർവ്വവിധഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം

രാജേഷ് . പി.വി

ഹെഡ്മാസ്റ്റർ

GVHSS AMBALATHARA



# ആമുഖം

പാഠ പുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർത്ഥികളുടെയും സജീവവും  സമ്പൂർണ പങ്കാളിതത്തോടെയുള്ള പ്രവർത്തന അധി ഷ്ഠിതമായ ഒരു വിദ്യാഭ്യാസ പ്രക്രിയയാണ് ഇന്നുള്ളത്. വിവരവിനിമയ സാങ്കേതിക  വിദ്യയുടെ സങ്കേതങ്ങൾക്കും  ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ  പങ്ക് വഹിക്കാൻ ആകും എന്ന ബോധ്യത്തിൽ നിന്നാണ് പ്രസ്തുത സാങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും  ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയും ഉള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കുന്നതിനു little kites കൂട്ടായ്മ രൂപീകരിച്ചിട്ടുള്ളത്.സാങ്കേതിക വിദ്യയോടുള്ള പുതു തലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകപരമായും പ്രയോജനപ്പെടുത്തിയെടുക്കുന്നതിനു ലിറ്റിൽ കൈറ്റ്സ്  കൂട്ടായ്മ  സഹായിക്കുന്നു. ഈ കൂട്ടായ്മയുടെ ചെറിയ സംരംഭമായ  'നിർഝരിയുടെ' താളുകളിലൂടെ കടന്നു പോകുമ്പോൾ  GVHSS അമ്പലത്തറയുടെ മികവിന്റെയും,കുട്ടികളുടെ സർഗാത്മകതയുടെയും  കുളിർമ ഏവർക്കും ആസ്വാദ്യകരമാവും എന്ന കാര്യത്തിൽ സംശയമില്ല.

ഈ മാഗസിനുമായി സഹകരിച്ച  ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റർ, little kite അധ്യാപകർ, പ്രിയ സഹപാഠികൾ,എവർക്കും വിനയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു.

ശ്രീനന്ദ. പി

ചീഫ് എഡിറ്റർ

# ലിറ്റിൽ കൈറ്റ്സ്

# അംഗങ്ങൾ
# Little kites 2022-25 ബാച്ച്



little KITEs
GVHSS AMBALATHARA

# താളുകളിൽ...


അമ്പലത്തറ  മികവിന്റെ കേദാരം

ജില്ലാശാസ്ത്രമേള

വിദ്യാരംഗം

അമ്പലത്തറയുടെ  അഭിമാന താരങ്ങൾ

Little kites അംഗങ്ങൾ - പച്ചക്കറി പരിപാലനം

രക്ഷിതാക്കൾക്കുള്ള little kites ബോധവത്കരണ ക്ലാസ്സ്

രക്ഷിതാക്കളും  വിദ്യാർത്ഥികളും അറിയാൻ

ബെഞ്ച്  - ലിയോ ദിവസ്

തീക്കനൽ -വൈഗ മാധവൻ

കടൽ-  പാർവൺ  പ്രസാദ്

വേനൽ-ദേവാർപിക

ആകാശം- ശിവാനി

# അമ്പലത്തറ മികവിന്റെ കേദാരം





ഏകാധ്യാപക വിദ്യാലയത്തി1ൽ നിന്നും തുടങ്ങി എൽ. പി , യു.പി, ഹൈസ്കൂൾ , വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നി നിലകളിൽ വളർന്നു കഴിഞ്ഞ അമ്പലത്തറയിലെ ഈ വിദ്യാലയതിന്റെ ചരിത്രം സുവർണജൂബിലിയും പിന്നിട്ടിരിക്കുന്നു. ഈ അക്ഷയഖനിയുട തിരുമുറ്റത്തുനിന്നും അറിവിന്റെ അക്ഷരമുത്തുകൾ പെരുക്കിയെടുത്തവരെത്ര? 1954 ൽ ഒരു ഏകാധ്യാപക വിദ്യാലയമായാണ് ഈ സ്കൂൾ പ്രവർത്തനം തുടങ്ങിയത്. എൻ മാധവൻ നായരാണ്ഈ വിദ്യാലയത്തിലെ ആദ്യത്തെ അധ്യാപകൻ. 1965 ൽ ഇത് യു.പി സ്കൂളായി ഉയർത്തപ്പെട്ടു. തുടർന്ന് 1980 ൽ ഹൈസ്കൂളായും 2005 ൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിയായും ഉയർത്തപ്പെട്ടു.

2023-24 അധ്യയന വർഷത്തിൽ ഹെഡ്മാസ്റ്റർ രാജേഷ് സാറിന്റെ നേതൃത്വത്തിൽ മികച്ച പ്രവർത്തനങ്ങൾ ആണ് സ്കൂളിൽ നടന്നു വരുന്നത്. വായന കോർണർ- പൊതുവിജ്ഞാന പോഷണ പരിപാടി എന്ന പ്രോജെക്റ്റിനു BRC ഹോസ്ദുർഗിന്റെ ഈ വർഷത്തെ ഉപജില്ല തല ഇന്നോവേറ്റീവ് അവാർഡ് ലഭിച്ചു. പ്രൊജക്റ്റ് ജില്ലാതല ത്തിലേക്ക് തെരെഞ്ഞെടുക്കപ്പെട്ടു. ഈ പുരസ്കാര ലബ്ധിക്കു പിന്നിൽ സ്കൂളിലെ മുൻ അദ്ധ്യാപകൻ പ്രേമചന്ദ്രൻ മാഷിന്റെ ഇടപെടലും പരിശ്രമവും എടുത്തു പറയേണ്ടതാണ്.











# ജില്ലാ ശാസ്ത്രമേള

ജില്ല ശാസ്ത്രമേളയ്ക്ക് ആഥിത്യമരുളാൻ കഴിഞ്ഞു എന്നത് വിദ്യാലയത്തിന് അഭിമാനിക്കാൻ കഴിയുന്ന മറ്റൊരു നേട്ടമാണ്. ശാസ്ത്രമേളയിൽ little kites അംഗങ്ങൾ നല്ല രീതിയിൽ തങ്ങളുടെ കടമ നിർവഹിച്ച എന്നത് ശ്രദ്ധേയമാണ്.










# വിദ്യാരംഗം

പുതു തലമുറയിൽ നിന്നും വായന അകലുന്നു എന്ന പല്ലവിയെ അസ്ഥാനത്താക്കിക്കൊണ്ട് നമ്മുടെ കുട്ടികൾ വായിച്ചും എഴുതിയും സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു കൊണ്ടും മുന്നേറുകയാണ്.അമ്പലത്തറ സ്കൂളിൽ ഈ അധ്യയന വർഷത്തിൻ്റെ തുടക്കം മുതൽ നിരവധി അക്കാദമിക- അക്കാദമി കേതര  പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളിലെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും അവരെ നേതൃത്വ പദവിയിലേക്ക് ഉയർത്താനും പര്യാപ്തമായിട്ടുണ്ട്. വിദ്യാരംഗത്തിൻ്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കുട്ടികളുടെ കലാഭിരുചിയും സാഹിത്യ ബോധവും ഉണർത്തുമെന്ന കാര്യത്തിൽ തർക്കമില്ല. അതിനു അടിവരയിടുന്ന മികച്ച നേട്ടങ്ങളുമായി അമ്പലത്തറയിലെ കുരുന്നുകൾ ഓരോ രംഗത്തും







# അമ്പലത്തറയുടെ അഭിമാന താരങ്ങൾ

സബ്ജില്ല, ജില്ല, സംസ്ഥാന തല മത്സരങ്ങളിൽ ഭാവി വാഗ്ദാനങ്ങളായി അമ്പലത്തറയുടെ കുട്ടികൾ എന്നും മുൻ നിരയിൽ ആണെന്നത് സ്കൂളിന്റെ മികവ് വെളിപ്പെടുത്തുന്നതാണ്...










little KITEs
GVHSS AMBALATHARA

അമ്പലത്തറയിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ വിദ്യാലയ പച്ചക്കറിത്തോട്ട പരിപാലനത്തിൽ





# രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്







# രക്ഷിതാക്കളും, വിദ്യാർത്ഥികളും അറിയാൻ.

രക്ഷിതാക്കൾക് നൽകിയ ബോധവത്കരണ ക്ലാസ്സ്,വിദ്യാർത്ഥികൾക് നൽകിയ ബോധവ ത്കരണക്ലാസ്സ്, മോട്ടിവേഷൻ ക്ലാസ്സ് , ലഹരി വിരുദ്ധ ക്ലാസ്സ് എന്നിവയൊക്കെ സ്കൂളിന്റെ മികച്ച പ്രവർത്തനങ്ങളാണ്.











# ബെഞ്ച്

ഞാൻ എന്നും പിറകിലായിരുന്നു
പിന്നിലായവരുടെ ചലനങ്ങൾ
എന്നെ അലട്ടി കൊണ്ടേയിരുന്നു
മാറി മാറി  വന്നവർ ബ്ലേഡ് കൊണ്ട്
കോറിയിട്ട വരകളിൽ പിന്നിലിരുന്നവർ
പേന കൊണ്ട്  കുത്തിക്കീറിയ എന്റെ ശരീരം
കീറിമുറിഞ്ഞ  ഒരുപാഠപുസ്തകമായി
പിന്നിലായവരുടെ  നൊമ്പരങ്ങൾ
എന്നും എന്നെ അലട്ടി കൊണ്ടേയിരിക്കുന്നു
എങ്കിലും ഒരുനാൾ  അവർ
മുന്നോട്ടു വരാതിരിക്കില്ല

ലിയോ ദിവസ്



# തീക്കനൽ

അതിനകത്ത് മറ്റൊരു ലോകം
നിശബ്ദതയാൽ
ഉരുകിത്തരുകയാണവൾ തൻ ജന്മം
ഒറ്റപ്പെടലിൻ വേദനയാൽ
ചങ്ക പിളർന്ന്
ഓണക്കാലത്തിലേക്കോരോ ചുവടെടുത്തു
വയ്ക്കുമ്പോഴും മനസ്സിൽ
പഴമയുടെ പുതുമണം
ഓടിയെത്തുന്നു.....
പൂക്കൾ തൻ സുഗന്ധം
നെഞ്ചിലേറ്റി പൂക്കളമൊ
രുക്കാൻ
മനസ്സ് മന്ത്രിക്കും നേരം
അതിനായി കഴിയുകില്ലാ എന്ന
ചിന്ത അവളിൽ നിറഞ്ഞിടുന്നു
അമ്മ തൻ സദ്യച്ചൂടോടൊപ്പം
മധുരമായ പായസം നുകർന്ന
നാളിലേക്ക് തിരികെയെത്താൻ
അവളേറെ കൊതിച്ചിടുന്നു
എന്തിനെന്നറിയാതെ അവൾ
തൻമനം വിതുമ്പുന്നുണ്ടായിരുന്നു
മിഴികൾ കരയുന്നുണ്ടായിരുന്നു
കാലിലെ ചങ്ങല അവളിലെ
ഓർമ്മകളെ ഇല്ലാതാക്കും നേരം
ഭ്രാന്താ എന്ന പേരവളുടെ
മനസ്സിൽ നൊമ്പരമായി
ഉയരുന്നു എന്നും
ഉയർന്നുകൊണ്ടേയിരിക്കുന്നു

വൈഗ മാധവൻ

# കടൽ

ദിനംതോറും കുളിർ കാറ്റ് വീശി പറക്കും
ഇടവിടാതെ മൂളുന്ന  തിരമാലകൾ
തന്റെ   ദിനചക്രം  തന്നെ ജീവിതം
നിശബ്ദതയെ  ഇരമ്പി മറിക്കും
ദിനചക്രം മല്ലോ  ഈ ജീവിതം
മനുഷ്യരെയല്ലാം തഴുകി ഉണർത്തും
കടലമ്മയെല്ലോ ഗുരുനാഥൻ
ദിനം തോറും  ദിനചക്രം  കറക്കും
യന്ത്ര ജീവനുകളാണ് നാം
ജീവിതം തന്നെ മാറ്റിമറിക്കാൻ കടലമ്മയുടെ പുഞ്ചിരി മാത്രം

പാർവണ്‍  പ്രസാദ്.കെ

# വേനൽ

ചുടുകാറ്റ് വീശി ഇതാ വരുന്ന വേനൽ
വറ്റി വരണ്ട പുഴകൾ
വരണ്ടുണങ്ങിയ ഭ്രമി
കത്തിജ്വലിക്കുകയാണ് ചൂട്
വെന്തുരുകയാണ് നമ്മുടെ ഭ്രമി
അതിനൊരു കുളിർമയായി മഴയെത്തുകയാണ്
ദാഹം നിറഞ്ഞ ഈ ഭ്രമിയുടെ കണ്ണീരായി വരുന്ന മഴ

ദേവാർപ്പിക

# ആകാശം

നീലപ്പട്ട് വിരിച്ചത്   പോൽ
നീണ്ടുകിടക്കുമീ വാനം
മുല്ലപ്പൂ വാരി വിതറിയതുപോൽ
താരങ്ങളാൽ സമൃദ്ധം
രാത്രിയെ സുന്ദരമാക്കും
പഞ്ഞിക്കിട്ടു പോലുള്ള  മേഘങ്ങളാൽ   നിറഞ്ഞ നീ
അഴകേറിയ വാനമാം നീയും
നിൻ നിലാവും താരങ്ങളും
എൻ ദിനത്തെ സുന്ദരമാക്കീടുന്നു

ശിവാനി. വി